Talented Bankers Literary Panel
പുസ്തക പരിചയം 173

പുസ്തകം പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ലോക്കൽ ഹെഡ് ഓഫീസ്,
തിരുവനന്തപുരം.

A Murder is Announced
Agatha Christie

കൊലപാതകവും കുറ്റാന്വേഷണവും പുരുഷന്മാരുടെ കുത്തകയാണെന്നാണ് വയ്പ്പ് , സിനിമയിലായാലും നോവലിലായാലും .പുരുഷന്മാരുടെ മാത്രം മേഖലയായിരുന്ന കുറ്റാന്വേഷണ സാഹിത്യത്തിൽ, ഒരു നൂറ്റാണ്ടിനുമുൻപ്, സ്വന്തമായ ഇരിപ്പിടം കണ്ടെത്തിയ വനിതയാണ് അഗതാ ക്രിസ്റ്റി. നൂറു വർഷങ്ങൾക്കിപ്പുറവും തന്റെ സിംഹാസനം ആർക്കും വിട്ടുകൊടുത്തിട്ടില്ല അഗതാ ക്രിസ്റ്റി.. കുറ്റാന്വേഷണ നോവലുകളുടെ രാജ്ഞി... ഒപ്പം ഇന്നോളമുള്ള കുറ്റാന്വേഷകരുടെ ചിത്രം മാറ്റി വരപ്പിച്ച വയോ വൃദ്ധയായ മിസ്സ് മാർപ്പിളും.
അഗതയുടെ ഒരു നൂറ്റാണ്ടിന് മുൻപുള്ള കൃതികൾക്ക് ഇന്നും ആരാധകരേറെയുണ്ട്.. ലോകത്തു ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട പുസ്തകങ്ങൾ അഗതാ ക്രിസ്റ്റിയുടേതാണ്. ലോകത്ത് ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ടതും.

വയോവൃദ്ധയായ മിസ്സ് മാർപ്പിൾ, സെൻറ് മേരി മിഡിലെ വസതിയിൽ വിശ്രമ ജീവിതത്തിലാണ്. തുന്നലും കൃഷിയും അല്പസ്വല്പം പരദൂഷണവും ആയി. മിസ്സ് മാർപിളിന്റെ അഭിപ്രായത്തിൽ, എല്ലാ കുറ്റകൃത്യങ്ങളും കുറ്റവാളികളും ഏതാണ്ടൊരു പോലെയാണ്. മനുഷ്യസ്വഭാവം അടിസ്ഥാനപരമായി ആവർത്തനങ്ങളാണ്. ഒരു സംഭവം വേറൊരു സംഭവത്തെ ഓർമ്മിപ്പിക്കുന്നു. കുറ്റവാളികളെ കണ്ടെത്തുക എളുപ്പവും. ഒരു വഴി മാത്രം.. സംസാരിക്കുക.. സംസാരിക്കുക.. സംസാരിക്കുക.. തീർച്ചയായും സംസാരിപ്പിക്കുക...
സംസാരത്തിനിടയിൽ കിട്ടുന്ന നുറുങ്ങുകൾ നെല്ലും പതിരും വേർതിരിച്ചെടുക്കുക.
ആരാലും സംശയിക്കപ്പെടാത്ത കുറ്റവാളികളെ, തന്റെ നിരീക്ഷണ പാടവത്തിലൂടെ പുറത്തു കൊണ്ടുവരുന്ന മിസ്സ് മാർപ്പിൾ, ശക്തമായ ഒരു മനസ്സിന് ഉടമയാണ്.
1950 ലെഴുതിയ "പ്രഖ്യാപിക്കപ്പെട്ട കൊലപാതകം "(A murder is announced), മിസ്സ് മാർപ്പിളിന്റെ വിജയഗാഥായിൽ ഒന്നാണ്.

ശാന്തമായ നാട്ടിൻപുറത്ത് പ്രഭാത പത്രത്തിൽ കണ്ട ഒരറിയിപ്പ് അങ്കലാപ്പുണ്ടാക്കുന്നു. "ഒരു കൊലപാതകം പ്രഖ്യാപിക്കുന്നു. ഒക്ടോബർ 29 വെള്ളിയാഴ്ച വൈകിട്ട് 6.30ന് ലിറ്റിൽ പാഡോക്കിൽ വച്ച് അത് നടക്കും. പ്രിയ സുഹൃത്തുക്കളെ, ഇതൊരറിയിപ്പായി മാത്രം കണക്കാക്കുക."
ലിറ്റിൽ പാഡോക്. ലേറ്റിറ്റ ബ്ലാക്ക്ലോക്ക് എന്നാ മധ്യ വയസ്കയായ സ്ത്രീ തന്റെ ബാല്യകാല സുഹൃത്തായ ഡോറയുമൊത്തു താമസിക്കുന്ന വീടാണ്. കുറച്ചേറെ ധനം വിചിത്രമായൊരു ഒസ്യത് പ്രകാരം കൈവശം വരാനിടയുള്ള സ്ത്രീയാണ് ലെറ്റിറ്റ. പേയിങ് ഗസ്റ്റ് ആയി താമസിക്കുന്ന ഫിലിപ്പയും ലെറ്റിറ്റയുടെ അകന്ന ചാർച്ചയിൽ പെട്ട സഹോദരിയുടെ മക്കളായ പാട്രിക്കും ജൂലിയയും, അൽപ്പം ഹിസ്റ്റീരിക്കായ ജോലിക്കാരി മിറ്റ്സിയുമാണ് ലിറ്റിൽ പാഡോക്കിലെ അന്തേവാസികൾ.
ഒരു തമാശ നിറഞ്ഞ ഗെയിം ആവും എന്ന വിശ്വാസത്തിൽ..
ജിജ്ഞാസഭരിതരായ ആ നാട്ടിപുറത്തുകാർ മിക്കവാറും എല്ലാവരും.. ആറരയോടെ ലിറ്റിൽ പാഡോക്കിലെത്തി. തമാശ പറഞ്ഞിരിക്കുന്നതിനിടയിൽ കറന്റ് പോയി. പൊടുന്നനെ ഭീഷണിയുമായി ഒരക്രമി രംഗത്തെത്തി. തമാശയാണെന്നു കരുതി എല്ലാവരും സഹകരിക്കുന്നു. പൊടുന്നനെ വെടി ശബ്ദങ്ങൾ കേൾക്കുകയും ആരോ വീഴുകയും ചെയ്യുന്നു. കറന്റ് വന്നപ്പോൾ കണ്ട കാഴ്ച.. ഗൃഹനാഥയായ ലേറ്റിറ്റക്ക് വെടിയേറ്റിരുന്നു, ഗുരുതരമായി അല്ലെങ്കിലും. അജ്ഞാതനായ അക്രമി വെടിവച്ചു ആത്മഹത്യ ചെയ്ത നിലയിലും.
കളി കാര്യമായപ്പോൾ പോലീസിനും തലവേദന. ആരാണാ അക്രമി..? ആരാണ് പരസ്യം കൊടുത്തത്..?
എന്തിനാണ് ലെറ്റീറ്റയെ ആക്രമിച്ചത്..?
ആകെ കൺഫ്യൂഷൻ.. ഒപ്പം എല്ലാവരും എന്തൊക്കെയോ ഒളിപ്പിക്കുന്നു എന്ന തോന്നലും.
ലിറ്റിൽ പാഡോക്കിൽ അന്നുണ്ടായിരുന്ന മിസ്സിസ് ബഞ്ചിന്റെ സുഹൃത്തായ മിസ്സ് ജെയിൻ മാർപ്പിൾ യാദൃച്ഛികമായി അവിടെ എത്തുന്നു. മരിച്ച ആളിനെ തിരിച്ചറിഞ്ഞു.. കൊലപാതകിയിലേക്കും അതിന്റെ കാരണത്തിലേക്കും എത്താറാകുമ്പോൾ ഒരു കൊലപാതകം കൂടി നടക്കുന്നു... താമസിയാതെ വീണ്ടും ഒന്ന് കൂടി.
മിസ്സ് മാർപ്പിൾ ഒരുപാടു ട്വിസ്റ്റുകളിലൂടെ യഥാർത്ഥ കുറ്റവാളിയെ കാര്യ കാരണം സഹിതം കണ്ടുപിടിക്കും എന്ന് നമുക്കറിയാം.. അതാരാണ്.. എന്തിനാണ് എന്നൊക്കെ വായിച്ചറിഞ്ഞോളൂ..
വയോവൃദ്ധയായ ജെയിൻ മാർപ്പിൾ,അഗതാ ക്രിസ്റ്റി യുടെ ആത്മഅംശമാണെന്ന് പറയുന്നുണ്ട്.. അതുപോലെ ഇടയ്ക്കിടെ പ്രത്യക്ഷപെടാറുള്ള കുറ്റന്വേഷണ നോവലിസ്റ്റ് ആയ അരിയാഡ്നി ഒലിവറും.
അല്ലെങ്കിലും ചില കാര്യങ്ങൾ ചികഞ്ഞു കണ്ടുപിടിക്കാൻ, സ്ത്രീകളോളം സാമർത്ഥ്യം മാറ്റാർക്കുമില്ലല്ലോ 😊

അഗതാ ക്രിസ്റ്റി യുടെ ബെസ്റ്റ് ഓഫ് കളക്ഷൻ സീരീസിലെ ഒരു

പുസ്തകത്തിലെ മൂന്നു
നോവലുകളിൽ ഒന്ന്
DC ബുക്ക്സ് പ്രസിദ്ധീകരണം..
വില.Rs 799.

ഇംഗ്ലീഷ് വേർഷൻ ആമസോണിലുണ്ട്. Rs 205.